# നോമ്പുകാലം
## വചന വിചിന്തനം
### നോമ്പുകാലം : നാലാം ഞായർ
### മത്താ 21,33–44

"ദുർമ്മോഹം പാപത്തെ ഗർഭം ധരിക്കുകയും,
പാപം മരണത്തിന് ജന്മം നല്കുകയും ചെയ്യുന്നതുപോലെ
മുന്തിരിത്തോടത്തിലെ കൃഷിക്കാർ വിളവ് ആഗ്രഹിക്കുകയും,
ക്രമേണ, തോട്ടം സ്വന്തമാക്കാൻ യജമാന്റെ മകനെ വരെ
കൊലക്കത്തിക്ക് ഏൽപ്പിച്ച് കൊടുക്കുകയും ചെയ്യുന്നു."

> *"ദുർമോഹം വർദ്ധിക്കുന്നതിനനുസരിച്ച്
> പാപത്തിന്റെ തീവ്രതയും വർദ്ധിക്കും!"*

"ഇവനാണ് അവകാശി; വരുവിൻ നമുക്കിവനെ കൊന്ന് അവകാശം കരസ്ഥമാക്കാം..." കായേലിന്റെ പാപം തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നു!

വീട്ടുടമസ്ഥനായ യജമാനൻ ചെയ്യുന്നത് ന്യായവും യുക്തവുമായ കാര്യങ്ങളാണ്. വീട്ടുടമസ്ഥൻ ചെയ്തത് അന്യായിമായി എന്ന് പറൻ സാധിക്കുന്ന ഒന്നുപ്പോലും ക്രിസ്തു അരുൾചെയ്ത "മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ"യിൽ ഇല്ല. ഇതിന്റെ നിജസ്ഥിതി അറിയണമെങ്കിൽ മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയിലൂടെ പദാനുപദം യാത്ര ചെയ്താൽ മതി. ഒരു വീട്ടുടമസ്ഥൻ ഒരു മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു. അതിനുചുറ്റും വേലികെട്ടി തനിക്ക് എന്തുമാത്രം സംരക്ഷണം നൽകാവോ അത്രമാത്രം സംരക്ഷണവും നൽകി. വിളവ് ശേഖരിച്ച് മുന്തിരിയിൽ നിന്ന് മുന്തിരിചാറ് അരിച്ചെടുക്കാൻ മുന്തിരിത്തോട്ടത്തിൽ ഒരു മുന്തിരിച്ചക്കു സ്ഥാപിക്കുകയും മുന്തിരിതോട്ടത്തിൽ കള്ളൻമാരും കവർച്ചക്കാരും അതിക്രമിച്ച് കടക്കാതിരിക്കാൻ കാവൽ ഗോപുരം നിർമ്മിക്കുകയും ചെയ്തു. അതിന് ശേഷം മുന്തിരിതോട്ടം കൃഷിക്കാരെ ഏൽപിച്ചിട്ട് യജമാനൻ സ്വഭവനത്തിലേയ്ക്ക് പോയി. ഇതോടുകൂടി നാടകത്തിലെ ഒന്നാമത്തെ സീൻ അവസാനിക്കുകയാണ്.

വിളവെടുപ്പുകാലം വന്നപ്പോൾ അവൻ പഴങ്ങൾ ശേഖരിക്കാൻ ഭൃത്യൻമാരെ കൃഷിക്കാരുടെ അടുത്തേക്കയക്കുന്നതിലൂടെ നാടകത്തിന്റെ രണ്ടാമത്തെ സീനിന്റെ കർട്ടൻ ഉയരുകയാണ്. ഇവിടെയാണ് യുക്തിക്ക് നിരക്കാത്തതായി തോന്നുന്ന പലതും നടക്കുന്നത്. കമ്യൂണലീസം തലയക്ക് പിടിച്ചവർ പറയും "തോട്ടത്തിന് വേണ്ട കാര്യങ്ങളെല്ലാം ചെയ്താൽ അത് തേട്ടമാകില്ല. തോട്ടത്തെ തോട്ടമാക്കുന്നത് തൊഴിലാളികളാണ്. അതുകൊണ്ട്, തോട്ടം യജമാനന് അർഹിച്ചതാണെങ്കിലും തോട്ടത്തിന്റെ ഫലങ്ങൾ തൊഴിലാളികൾക്ക് അർഹതപ്പെട്ടതാണ്." എന്നാൽ, ക്യാപിറ്റിലിസ്റ്റുകൾ പറയും, "തോട്ടത്തെ തോട്ടമാക്കാന് തൊഴിലാളികൾ മാത്രമുണ്ടായൽ പോര. തോട്ടത്തെ തോട്ടമാക്കാൻ അനിവാര്യമായത് മൂലധനമാണ്. അതുകണ്ടെത്തുന്നവനാണ് മുതലാളി. അവന് അവകാശപ്പെട്ടതാണ് തോട്ടവും തോട്ടത്തിന്റെ ഫലങ്ങളും."

എന്നാൽ, യജമാനനായ ക്രിസ്തു നിലയുറപ്പിച്ചിരിക്കുന്നത് നേരിന്റെ നന്മയുടെ പക്ഷത്താണ്. ലേവ്യരുടെ പുസ്തകം 19-ാം അദ്ധ്യായത്തിൽ

(ലേവ്യ 19,23-25) നാം ഇപ്രകാരം വായിക്കുന്നുണ്ട്;

"നിങ്ങൾ ദേശത്തുവന്ന് ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുമ്പോൾ മൂന്നുവർഷത്തേക്ക് അവയുടെ ഫലങ്ങൾ വിലക്കപ്പെട്ടതായി കണക്കാക്കണം. അവനിങ്ങൾ ഭക്ഷിക്കരുത്. നാലാം വർഷം കർത്താവിന്റെ സ്തുതിക്കായി സമർപ്പിക്കുന്നതിന് അവയുടെ ഫലമെല്ലാം പരിശുദ്ധമായിരിക്കും. അഞ്ചാം വർഷം അവയുടെ ഫലങ്ങൾ നിങ്ങൾക്കു ഭക്ഷിക്കാം. അവ നിങ്ങളെ സമ്പന്നരാക്കും."

യഹൂദർക്ക് തങ്ങളെ ഈജിപ്ത്തുക്കാരുടെ അടിമത്വത്തിൽ നിന്നും കൊണ്ടുവന്ന് കർത്താവ് അവരെ തേനും പാലും ഒഴുകുന്ന കാനാൻ ദേശത്തിന്റെ സൂക്ഷിപ്പുക്കാരയി നിയമിക്കുമ്പോൾ അവർ കാത്തുസൂക്ഷിക്കേണ്ട പാട്ടവ്യവസ്ഥിതിയെ കുറിച്ചുള്ള നിയമമാണ് ലേവ്യരുടെ പുസ്തകത്തിലൂടെ സമ്മാനിക്കുന്നത്. തോട്ടം നിങ്ങളുടെതാകാം. പക്ഷെ, അഞ്ചുവർഷം കഴിയാതെ ഫലമന്വേഷിച്ച് തോട്ടത്തിലേയ്ക്ക് പ്രവേശിക്കരുത്. തോട്ടവും തോട്ടത്തിലെ ഫലങ്ങളും തോട്ടം തൊഴിലാളികൾക്കും മറ്റുള്ളവർക്കും അവകാശപ്പെട്ടതാണ്. എങ്കിൽ, ഒന്നുറപ്പാണ്; തോട്ടത്തിന്റെ ഉടയോൻ അഞ്ച് വർഷങ്ങൾക്ക് ശേഷമായിരിക്കണം ഫലമന്വേഷിച്ച് തോട്ടത്തിലേയ്ക്കാ തൊഴിലാളികളെയും തന്റെ മകനേയും അയച്ചിരിക്കാൻ സാധ്യത. അവരെയാണ്, തോട്ടം തൊഴിലാളികൾ ആദ്യം വിളവ് സ്വന്തമാക്കുന്നതിനും, പിന്നെ തോട്ടം സ്വന്തമാക്കുന്നതിനും അടിക്കാനും ഇടിക്കാനും കല്ലെറിയാനും, അവസാനം, കൊല്ലാനും വരെ തുനിഞ്ഞിറങ്ങുന്നത്.

വചനം പറയുന്നത് ശ്രദ്ധിക്കുക; കൃഷിക്കാർ ഭൃത്യൻമാരിൽ ഒരുവനെ പിടിച്ച് അടിക്കുകയും മറ്റൊരുവനെ കൊല്ലുകയും വേറൊരുവനെ കല്ലെറിയുകയും ചെയ്തു. ഇത് അറിവ്കേടായിരിക്കാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട്, തോട്ടത്തിന്റെ ഉടയോൻ വീണ്ടും ആദ്യത്തേതിൽ കൂടുതൽ ഭൃത്യൻമാരെ അയച്ചു. അവരോടും കൃഷിക്കാർ അപ്രകാരംതന്നെ പ്രവർത്തിച്ചു. ഇതു കാണുന്ന തോട്ടക്കാരൻ വിചാരിക്കുകയാണ് എന്റെ പുത്രനെ അവർ ബഹുമാനിക്കാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട്, യജമാനൻ സ്വപുത്രനെത്തന്നെ അവരുടെ അടുക്കലേക്കയച്ചു. അവനെ കാണുന്ന ക്ഷണം കൃഷിക്കാർ പരസ്പരം പറയുകയാണ്;

"ഇവനാണ് അവകാശി; വരുവിൻ നമുക്കിവനെ കൊന്ന് അവകാശം കരസ്ഥമാക്കാം."

ഇത്രയും പറഞ്ഞ് തോട്ടം തൊഴിലാളികൾ യജമാനന്റെ മകനെ പിടിച്ച് മുന്തിരിത്തോട്ടത്തിനു വെളിയിലേക്കെറിഞ്ഞു കൊന്നുകളഞ്ഞു. എന്നിട്ട്, ക്രിസ്തു ചോദിക്കുകയാണ്; "ഇങ്ങനെയെങ്കിൽ, മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ വരുമ്പോൾ അവൻ ആ കൃഷിക്കാരോട് എന്തുചെയ്യും?"

ക്രിസ്തുവിന്റെ ചോദ്യത്തിന് മുമ്പിൽ ശിരസ് നമിച്ചിരിക്കുന്നവരെ നോക്കി ക്രിസ്തു തന്നെ ഉത്തരം പറഞ്ഞു;

"അവൻ ആ ദുഷ്ടരെ നിഷ്ഠുരമായി നശിപ്പിക്കുകയും യഥാകാലം ഫലം കൊടുക്കുന്ന മറ്റു കൃഷിക്കാരെ മുന്തിരിത്തോട്ടം ഏൽപിക്കുകയും ചെയ്യും."

ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുകയും ആ പാപത്തെ മൂടിവയ്ക്കാൻ കൊള്ളരുതായ്മകൾ ചെയ്യുന്നവരെയും നോക്കി കർത്താവ് ഇന്നും പറയുന്നത് ഇതുതന്നെയാണ്. "അവൻ ആ ദുഷ്ടരെ നിഷ്ഠുരമായി നശിപ്പിക്കുകയും യഥാകാലം ഫലം കൊടുക്കുന്നവർക്ക്

"ഒരു വീട്ടുടമസ്ഥൻ ഒരു മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു. അതിനുചുറ്റും വേലികെട്ടി. അതിൽ ഒരു മുന്തിരിച്ചക്കു സ്ഥാപിക്കുകയും ഗോപുരം നിർമിക്കുകയും ചെയ്തു. ..." ക്രിസ്തു സൃഷ്ടിക്കുന്നവൻ മാത്രമല്ല. മറിച്ച്, സൃഷ്ടിക്ക് ഫലമണിയാൻ വേണ്ട ഏറ്റവും നല്ല സാഹചര്യവം ഒരുക്കുന്നുണ്ട്!

"പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞകല്ലുതന്നെ മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിൻെറ പ്രവൃത്തിയാണ്..." നീതിമാനെ ആകാശംമുട്ടെ വളർത്തുന്നതും ദുഷ്ടനെ കല്ലിൻമേൽ കല്ല് ശേഷിക്കാതെ തകർത്ത് തരിപ്പണമാക്കുന്നതും കർത്താവിന്റെ പ്രവർത്തിയാണ്!

തോട്ടം ഏൽപിക്കുകയും ചെയ്യും." തോട്ടംതൊഴിലാളികളുടെ ജീവിതം പഠിപ്പിക്കുന്ന വലിയ പാഠം "ദുർമോഹം വർദ്ധിക്കുന്നതിനനുസരിച്ച് പാപത്തിന്റെ തീവ്രതയും വർദ്ധിക്കും!" എന്നതുമാത്രമാണ്. അന്തിമ വിജയം ഒരിക്കലും തിന്മയ്ക്കല്ല. മറിച്ച്, നന്മയ്ക്കും ദൈവത്തിനുമാണെന്ന് തിരിച്ചറിയാനും വ്യാഖ്യാനിക്കാനും നാം മറന്ന് പോകുന്നുണ്ട്. അതുകൊണ്ടുതന്നെ, മുന്തിരിതോട്ടത്തിലെ കൃഷിക്കാരുടെ ഇടയിലേയ്ക്കുള്ളവരുടെ എണ്ണം ക്രമാനുഗതമായി കൂടിക്കൊണ്ടിരിക്കുന്നു.

ക്രിസ്തു മുന്തിരിത്തോട്ടത്തിലോ കൃഷിക്കാരന്റെ ഉപമ പറയുമ്പോൾ നാം പറയും ഞാനും ഈ ഉപമയും തമ്മിൽ വലിയ ബന്ധമൊന്നുമില്ല. ക്രിസ്തു പറയുന്നതുപ്പോലെ എന്റെ ജീവിതത്തിൽ പ്രവർത്തിക്കാനും പറയാനും ചിന്തിക്കാനും പരിശ്രമിച്ചിട്ടുണ്ട് എന്ന്. പക്ഷെ, ഈ മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരന്റെ ഉപമ സംവദിക്കുന്ന ഏറ്റവും ചെറിയ കാര്യം, "മറ്റുള്ളവർക്ക് അവകാശപ്പെട്ടത് സ്വന്തമാക്കാൻ നീ പരിശ്രമിച്ചിട്ടുണ്ടോ? ഒരു ചെറിയ മുട്ടുസൂചിക്ക് വേണ്ടിയാണെങ്കിൽപ്പോലും നീ അങ്ങനെ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ നീയും മുന്തിരിത്തോട്ടത്തിലെ തോട്ടം തൊഴിലാളികളും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ലയെന്ന്."

ഇതിനെ ശക്തമായി എതിർക്കുന്ന കർത്താവ് പറയുന്നത് ഒന്നു ശ്രദ്ധിച്ച് കേൾക്കുക; "ഞാൻ നിങ്ങളോടു പറയുന്നു, പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞകല്ലു തന്നെ മൂലക്കല്ലായിത്തീർന്നു. ദൈവരാജ്യം നിങ്ങളിൽ നിന്ന് എടുത്തു ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നൽകപ്പെടും" (മത്താ 21,43).

ചുരുക്കത്തിൽ, ദൈവരാജ്യം നമ്മിൽ നിന്ന് എടുക്കപ്പെടാതിരിക്കാൻ ചെയ്യേണ്ട്. അന്യർക്ക് അർഹമായത് തട്ടിച്ചെടുക്കാതിരിക്കുക. തട്ടിച്ചെടുതത്തിട്ടുണ്ടെങ്കിൽ, ചുങ്കക്കാരനായ സക്കേവൂസ് സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ ചെയ്യുന്നതുപ്പോലെ ഒന്നിന് നാലിരട്ടിയായി പങ്കുവയ്ക്കാൻ പഠിക്കുക.

"കുറച്ചുകൂടി ഉറങ്ങാം; തെല്ലുനേരം കൂടി മയങ്ങാം;
കൈയുംകെട്ടിയിരുന്ന് അൽപംകൂടെവിശ്രമിക്കാം.
ഫലമോ, ദാരിദ്ര്യം വഴിപോക്കനെപ്പോലെയും
ദുർഭിക്ഷം കൊള്ളക്കാരനെപ്പോലെയും നിൻെറ മുൻപിലെത്തും."

സുഭാ 6,10-11

ഫാ. ജോബി മേനോത്ത്
+91 944 7777 931